ഈ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് 2013-14 സാമ്പത്തിക വർഷം മുതൽ വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും, വിവിധ മത്സര പരീക്ഷാപരിശീലന സഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്കായി തൊഴിൽ നൈപുണ്യ വികസന പദ്ധതിയും, സ്വയം തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ/കൂട്ടുത്തരവാദിത്വസംഘങ്ങൾ എന്നിവയ്ക്ക് പലിശ സഹായ പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുന്നോക്ക സമുദായങ്ങളുടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ സമഗ്ര വികസനം, ക്ഷേമം എന്നിവ ലക്ഷ്യമിട്ടും വിദ്യാഭ്യാസ നിലവാരം, ജീവിത നിലവാരം എന്നിവ ഉയർത്തുന്നതിനുമായാണ് കോർപ്പറേഷൻ രൂപീകൃതമായത്. പ്രസ്തുത ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ, ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ്, ടെക്നിക്കൽ കോഴ്സുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുക, മികവ് പുലർത്തുന്നവർക്കും അർഹതപ്പെട്ട വിദ്യാർത്ഥികൾക്കും, സ്കോളർഷിപ്പുകൾ നൽകുക, ആവശ്യമെങ്കിൽ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സഹായിക്കുകയും മുതൽ മുടക്കുകയും ചെയ്യുക, ആരോഗ്യ ജീവിത സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്ഥലവും കെട്ടിടങ്ങളും വാങ്ങുകയോ ഈ ജനവിഭാഗങ്ങളുടെ താമസസ്ഥലവും അനുബന്ധ സാഹചര്യങ്ങളും നിർമ്മിക്കാനോ റിപ്പയർ ചെയ്യാനോ സഹായം നൽകുക, സ്വന്തമായി ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകി തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക, പ്രാഥമിക ദ്വിതീയ മേഖലകളിൽ മറ്റ് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നൽകുക എന്നീ ഉദ്ദേശങ്ങളാണ് കോർപ്പറേഷന്റെ പ്രവർത്തനപരിധിയിൽ മുഖ്യമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

പേഴ്സണൽ സ്റ്റാഫ്

25 (25) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഗവൺമെന്റ് ചീഫ് വിപ്പിനുമായി ആകെയുള്ള പേഴ്സണൽ സ്റ്റാഫ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരുടെയും തസ്തിക സഹിതമുള്ള വിശദാംശങ്ങൾ വെവ്വേറെ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014 ഏപ്രിൽ 1-ന് ശേഷം പേഴ്സണൽ സ്റ്റാഫിൽ എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 2014 ഏപ്രിൽ 1-ന് ശേഷം പേഴ്സണൽ സ്റ്റാഫിൽ 34 പേരെ പുതുതായി നിയമിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവിന്റെ ഓഫീസിലെയും ഔദ്യോഗിക വസതിയിലെയും ചെലവുകൾ

26 (26) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച് തുകയുടെ ഇനം തിരിച്ചുള്ള കണക്ക ലഭ്യമാക്കുമോ ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ ;

(സി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽനിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ആകെ 70,70,601 രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly